"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എൻ.എം.സി.എൻ പ്രോജക്ടിനായി ടെലിമെഡിസിൻ ഫെസിലിറ്റി / സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.3615/2025/H&FWD തീയതി,തിരുവനന്തപുരം, 18-11-2025

---

പരാമർശം:- 1.) സ.ഉ (സാധാ)നം.561/2025/ആകുവ തീയതി 26.02.2025

2.) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഹെഡ് (മാർക്കറ്റിംഗ്)-ന്റെ 18.09.2025 തീയതിയിലെ KCC/CPG/G.36/2025-26/0861 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട്.

3.) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 15.10.2025 തീയതിയിലെ പി.എ2/4628/2024/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എൻ.എം.സി.എൻ പ്രോജക്ടിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനും ഫണ്ട് വിനിയോഗിക്കുന്നതിനും അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്ന Contingency / Consumables/Equipment എന്ന ഘടകത്തിൽ നിന്നും 5,70,954/- രൂപയും Development of Infrastructure for enabling smart class room with tele conferencing facility -എന്ന ഘടകത്തിൽ നിന്നും 9,07,250/-രൂപയും വിനിയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Tele medicine facility/conference room തയ്യാറാക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്ന Contingency /Consumables/Equipment എന്ന ശീർഷകത്തിൽ നിന്നും 5,70,954/- രൂപയും Development of Infrastructure for enabling smart class room with tele conferencing facility -എന്ന ശീർഷകത്തിൽ നിന്നും 9,07,250/- രൂപയും വിനിയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എൻ.എം.സി.എൻ പ്രോജക്ടിന്റെ ഭാഗമായി ടെലി മെഡിസിൻ ഫെസിലിറ്റി / സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കുന്നതിനായി കെൽട്രോൺ സമർപ്പിച്ച 14,78,204/- (പതിനാല് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി ഇരുനൂറ്റി നാല് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച്, മേൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH R

ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ / സൂപ്രണ്ട്, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി(P1/283/2025-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 18-11-2025 15:21:49

സെക്ഷൻ ഓഫീസർ

പകർപ്പ് - ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്